**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരഗ്രാമാസൂത്രണ വകുപ്പ് - ശ്രീ. ടി.എൻ.രാജഷ്, ടൗൺ പ്ലാനറുടെ റിവർഷൻ ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.======================================================================

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധ)നം. 1712/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 28.06.2013.

======================================================================

പരാമർശം:- 1) 09.05.2013-ലെ സ.ഉ. (സാധാ) നം. 1242/13/LSGD.
2) മുഖ്യനഗരാസൂത്രന്റെ 11.06.2013-ലെ എ3/9465/12 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

Greater Cochin Development Authority-യിലെ അന്യത്ര സേവനം അവസാനിപ്പിച്ച് മടങ്ങി വന്ന ടൗൺ പ്ലാനറായ ശ്രീ.സി.ജെ. പൗലോസിനെ തിരികെ വകുപ്പിൽ നിയമിക്കുന്നതിന് ഒഴിവില്ലാത്തതിനാൽ വകുപ്പിലെ ഏറ്റവും ജൂനിയറായ ടൗൺ പ്ലാനർ ശ്രീ.റ്റി.എൻ. രാജേഷിനെ തരം താഴ്ത്തി ശ്രീ.സി.ജെ.പൗലോസിനെ നിയമിക്കുന്നതിന് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു. തുടർന്നു ശ്രീ.സി.ജെ. പൗലോസിന്റെ ഡെപ്യൂട്ടേഷൻ കാലാവധി 30.12.2012 മുതൽ ഒരു വർഷത്തേക്കു കൂടി നീട്ടി നല്കിയതിനാൽ ശ്രീ.റ്റി.എൻ. രാജേഷിന്റെ റിവേർഷൻ ഉത്തരവ് നടപ്പിലാക്കേണ്ടി വന്നിരുന്നില്ല. മേൽ സാഹചര്യത്തിൽ പരാമർശം (2) പ്രകാരമുള്ള മുഖ്യനഗരാസൂത്രകന്റെ കത്തിൽ വിശദീകരിച്ചിട്ടുള്ള വസ്തുതകൾ കണക്കിലെടുത്ത് പരാമർശം ഒന്നാമതായി വായിച്ച സർക്കാർ റിവർഷൻ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പി.റംലത്ത്,**
**അണ്ടർ സെക്രട്ടറി**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
ശ്രീ. റ്റി.എൻ.രാജേഷ്, ടൗൺ പ്ലാനർ, വയനാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരള,
തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**